## പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 285 — 08.06.2015 ന് മറുപടിയ്ക്ക്

## വനം വകുപ്പിന്റെ ഭൂമി ലഭിക്കുന്നതിന് നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. കെ. രാധാകൃഷ്ണൻ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ബഹു. വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) | ചേലക്കര നിയോജകമണ്ഡലത്തിലെ വാഴക്കോട് ഭാഗത്തെ അപകടകരമായ വളവ് ഒഴിവാക്കിക്കിട്ടുന്നതിന് വനം വകുപ്പിന്റെ ഭൂമി ലഭിക്കുവാൻ പൊതുമരാമത്ത് വകുപ്പിൽ നിന്നും അപേക്ഷ ലഭിച്ചിട്ടുണ്ടോ; | (എ) | ലഭിച്ചിട്ടുണ്ട്. എന്നാൽ ഭേദഗതി വരുത്തിയ വന സംരക്ഷണ നിയമത്തിന്റെയും റൂളിന്റെയും അടിസ്ഥാനത്തിൽ ഓൺലൈൻ അപേക്ഷ നൽകേണ്ടതായിട്ടുണ്ട്. ആയത് പൊതുമരാമത്ത് വകുപ്പിൽ നിന്നും ലഭ്യമായിട്ടില്ല. |
| (ബി) | എങ്കിൽ അപേക്ഷ എന്നാണ് ലഭിച്ചതെന്നും അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും അറിയിക്കുമോ; | (ബി) | തൃശ്ശൂർ പൊതുമരാമത്ത് വകുപ്പ് റോഡ്സ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും 20.10.2014 ന് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ തൃശ്ശൂരിന് അപേക്ഷ ലഭിച്ചിരുന്നു. എന്നാൽ 15.07.2014 മുതൽ അപേക്ഷകൾ ഓൺലൈനായി നൽകേണ്ടതുള്ളതിനാൽ പ്രസ്തുത വിവരം യൂസർ ഏജൻസിയെ അറിയിച്ചുവെങ്കിലും ഓൺലൈനായി അപേക്ഷ ഇതുവരെ സമർപ്പിച്ചിട്ടില്ല. |
| (സി) | പ്രസ്തുത ഭൂമി വിട്ടു കൊടുക്കുന്നതിന് അപേക്ഷ ലഭ്യമായിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങളും ഇപ്പോൾ അത് ഏത് ഘട്ടത്തിലാണെന്നും അറിയിക്കുമോ? | (സി) | (ബി) യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല |

സെക്ഷൻ ഓഫീസർ